ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ ആർ. എസ്. ഉണ്ണി പറഞ്ഞതുപോലെ ഇത് വളരെക്കൊല്ലങ്ങൾക്കുമുമ്പ് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്ന് എന്റെ കൈയിൽ ഈ വകുപ്പ് ഇല്ലായിരുന്നു. ഇതിന് സാങ്കേതികാനുമതി നൽകിയത് 1981-ലാണ്. ഭരണാനുമതി നൽകിയ 1981-ൽ ത്തന്നെ ഏകദേശം 59 ലക്ഷത്തോളം രൂപ ചെലവുവരുന്ന ഒരു പാലമായിരുന്നു ഇത്. അന്ന് ടെക്നിക്കൽ സാങ്ഷൻ നൽകിയത് 68 ലക്ഷം രൂപയ്ക്കാണ്. ഇന്ന് അത് തീർക്കണമെങ്കിൽ 80 ലക്ഷം രൂപ വേണം. എന്നാലും 1981-ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പ്രവൃത്തി തുടങ്ങുന്നതിനുള്ള പ്രത്യേകമായ അനുമതിക്കുവേണ്ടി ചീഫ് എഞ്ചിനീയർ ഗവൺമെന്റിലേക്ക് അയച്ചുകഴിഞ്ഞിരിക്കുകയാണ്. ഇക്കൊല്ലം ഇതിനുവേണ്ടി അഞ്ചുലക്ഷത്തിഎൺപത്തൊന്നായിരം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അതുകൊണ്ട് ഇതിന് പ്രത്യേക അനുമതിയിലേക്ക് അയച്ചിട്ടുള്ള കാര്യം പരിശോധിച്ചുകഴിഞ്ഞാൽ ഉടനടി വേണ്ട നടപടികൾ എടുക്കുന്നതാണ്.

2. റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള കാലതാമസത്തെക്കുറിച്ച്

ശ്രീ. പി. പി. തങ്കച്ചൻ: സർ; കേരളത്തിലുള്ള ലക്ഷക്കണക്കിനുവരുന്ന റേഷൻകാർഡുടമകൾ ഇന്ന് വലിയ ബുദ്ധിമുട്ടിലാണ്. ഈ റേഷൻ കാർഡുകൾ പുതുക്കിക്കൊടുക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പലവട്ടം പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ തീയതിയും പ്രഖ്യാപിച്ചിരുന്നു. ആ തീയതികളൊക്കെക്കഴിഞ്ഞു. റേഷൻ കാർഡുകൾ ഇതുവരെ പുതുക്കിക്കൊടുത്തിട്ടില്ല. വീടുവീടാന്തരം അംഗങ്ങളുടെ എണ്ണത്തിൽ വന്നിട്ടുള്ള കൂടുതൽ, പ്രായപൂർത്തിവന്നിട്ടുള്ളവരുടെ കൂടുതൽ, ഈ വിവരങ്ങളൊന്നുമില്ലാത്തതിനാൽ റേഷൻ കാർഡുകൾ ശേഖരിക്കാൻ കഴിയുന്നില്ല. റേഷൻ കാർഡില്ലാത്ത ആളുകൾക്ക് പുതിയ റേഷൻ കാർഡുകൾ കൊടുക്കുവാൻ കഴിയുന്നില്ല. ഇതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ മന്ത്രി പറയുന്നത് മന്ത്രിയുടെ ഭാഗത്തുനിന്നുള്ള തടസ്സമല്ല, ഗവൺമെന്റ് പ്രസ്സിൽനിന്ന് അച്ചടിച്ചുകിട്ടുന്നതിനുള്ള കാലതാമസമെന്നാണ്. അങ്ങനെയാണെങ്കിൽ ഇതുവളരെ കഷ്ടമാണ്. ഈ വർഷത്തെ ബഡ്ജറ്റുപ്രസംഗം പോലും സമയത്തിന് ഗവൺമെന്റ് പ്രസ്സിൽനിന്ന് അച്ചടിച്ചുകിട്ടിയില്ലെന്നാണ് പറയുന്നത്. വളരെ ഗൗരവമായി ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് ലക്ഷക്കണക്കിനുവരുന്ന ആളുകളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് വളരെ അടിയന്തിരമായി ഈ പ്രശ്നത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ആശങ്ക പ്രകടിപ്പിച്ചതുപോലെ യാതൊരു ബുദ്ധിമുട്ടുമില്ല. നിലവിലുള്ള റേഷൻ കാർഡുകളുടെ കാലാവധി ഒക്ടോബർ 31 വരെ ഉണ്ട്. നവംബർ ഒന്നു മുതൽക്കാണ് പുതിയ കാർഡുകൾ നൽകേണ്ടത്. കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ 1984-ൽത്തന്നെ ഡിപ്പാർട്ടുമെന്റ് ആരംഭിച്ചിട്ടുണ്ട്. 1984 നവംബർ 21-ാം തീയതി ആദ്യമായി അതുസംബന്ധിച്ച് ഓർഡർ പുറപ്പെടുവിച്ചു. പിന്നീട് മദ്ധ്യവേനലവധിക്കാലത്ത് അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി വീടുകൾതോറും പരിശോധന നടത്തി. രണ്ടുവിധത്തിലുള്ള ഫോറം വിതരണം ചെയ്തു. നമ്പർ 1 ഫോറവും നമ്പർ 2 ഫോറവും. നമ്പർ 1 ഫോറം നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കുവാനുള്ളതാണ്. അത് റേഷൻ കടകൾമുഖാന്തിരമാണ് വിതരണം ചെയ്തത്. നമ്പർ 2 ഫോറം തീരെ കാർഡില്ലാത്തവർക്കുവേണ്ടിയുള്ളതായിരുന്നു. അത് താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർ മുഖേനയാണ് വിതരണം ചെയ്തത്. 4,372,917 കാർഡുകളാണ് വിതരണം ചെയ്യാൻ ഇപ്പോൾ നിലവിലുള്ളത്. അതിനു പുറമേ നമ്പർ 2 ഫോറത്തിൽ 414,352 പേർ കൂടി അപേക്ഷിച്ചിട്ടുണ്ട്. 1-11-ന് പുതിയ കാർഡുകൾ കൊടുക്കുന്നതിനുവേണ്ടി സമയബന്ധിതപരിപാടി ഡിപ്പാർട്ടുമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു ബുദ്ധിമുട്ട് വളരെ ശരിയാണ്. ഗവൺമെന്റ് പ്രസ്സിലാണ് ഇത് അച്ചടിക്കാൻവേണ്ടി കൊടുത്തിട്ടുള്ളത്. 50 ലക്ഷം കാർഡുകൾ അച്ചടിക്കാൻവേണ്ടി കൊടുത്തിട്ടുണ്ട്. പതിനയ്യായിരം കർണ്ണാടക കാർഡുകളും പതിനായിരം തമിഴ്കാർഡുകളും അച്ചടിക്കാൻ വേണ്ടി കൊടുത്തിട്ടുണ്ട്. കാർഡുകൾ 31-7-1985-ന് മുമ്പ് അവർ അച്ചടിച്ച് തരേണ്ടതായിരുന്നു. അവർ അച്ചടിച്ച് തന്നിട്ടില്ല. അതിന് അവർ പറയുന്ന ന്യായീകരണം കവറിനുവേണ്ടിയുള്ള കാലിക്കോ മെറ്റീരിയൽ അഹമ്മദാബാദിൽനിന്നുമാണ് വരേണ്ടത്. അവിടെ കുഴപ്പമായിരുന്നു, അത് സമയത്തിനു കിട്ടിയില്ല എന്നൊക്കെയാണ്. പ്രിന്റിംഗ് പ്രസ്സിന്റെ ചുമതല വഹിക്കുന്ന സഹകരണവകുപ്പുമന്ത്രിയെയും മറ്റുള്ള എല്ലാ ഉദ്യോഗസ്ഥന്മാരെയും ഞാൻ തന്നെ വിളിച്ചുകൂട്ടി ഒരു സമയബന്ധിതപരിപാടി തയ്യാറാക്കി ആളെ അഹമ്മദാബാദിൽ പറഞ്ഞയച്ച് സാധനങ്ങൾകൊണ്ടുവന്ന് പ്രിന്റ് ചെയ്തുതരണമെന്ന് പറഞ്ഞിരിക്കുകയാണ്. അതിൽ ആറേഴു ജില്ലകളിലുള്ള കാർഡുകൾ ഇപ്പോൾത്തന്നെ അതിന്റെ പ്രിന്റിംഗ് പൂർത്തിയായിരിക്കുകയാണ്. ബാക്കി നടന്നുകൊണ്ടിരിക്കുന്നു. ഏതായാലും റേഷൻ കാർഡ് ലഭിക്കുകയില്ലെന്ന ബുദ്ധിമുട്ട് ആർക്കും ഉണ്ടാകുകയില്ല.

3. കാസർഗോഡ്, പാലക്കാട് ജില്ലകളിൽ നടന്നുവരുന്ന അയിത്താചരണം

ശ്രീ. സി. കെ. തങ്കപ്പൻ: സർ, സ്വാതന്ത്ര്യം കിട്ടിയതിന്റെ 38-ാമത്തെ വർഷത്തിലും ഇങ്ങനെയൊരു കാര്യം ഇവിടെ ഉന്നയിക്കേണ്ടി വരുന്നതിൽ യഥാർത്ഥത്തിൽ ദുഃഖമുണ്ട്. കാസർകോട് ജില്ലയിൽ ഈയിടെ നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly